Draft #17 of File 113936/AD A5-4/2021/AD A 5 Approved by REGISTRAR (i/c) on 03-Feb-2024 05:53 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.113936/AD A5-4/2021/എ ഡി എ 5 തീയതി: 03.02.2024

**വിജ്ഞാപനം**

**സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലെ**
**"സ്വയം മൾട്ടീമീഡിയ ലാബ്" ൽ**
**ടെക്നിക്കൽ അസിസ്റ്റന്റ് (താൽക്കാലിക കരാർ നിയമനം)**

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലെ 'സ്വയം മൾട്ടീമീഡിയ ലാബ്' ൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ ഒരു വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

**തസ്തിക : ടെക്നിക്കൽ അസിസ്റ്റന്റ്**

ഒഴിവ് : 1

വിഭാഗം : E/B/T (ഈഴവ/ബില്ലവ/തീയ്യ)

യോഗ്യത : കമ്പ്യൂട്ടർ സയൻസ്/ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് / ഐ ടി അല്ലെങ്കിൽ തത്തുല്യ വിഷയത്തിൽ അംഗീകൃത ബിരുദാനന്തര ബിരുദത്തോടൊപ്പം 'Adobe Creative Cloud Software' - ലുള്ള പ്രവർത്തിപരിചയം.

വേതനം : പ്രതിമാസം 30,000/-രൂപ സഞ്ചിത നിരക്കിൽ

വയസ് : 01.01.2024 ൽ 36 വയസ്സ് കവിയരുത്. (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുകൾ അനുവദിക്കുന്നതാണ്.)

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന നിശ്ചിത അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ada5@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലോ, രജിസ്ട്രാർ, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686560 എന്ന വിലാസത്തിൽ തപാൽ മുഖേനയോ, നോട്ടിഫിക്കേഷൻ തീയതി മുതൽ പതിനഞ്ചു ദിവസത്തിനകം ലഭിക്കത്തക്ക വിധം അയക്കേണ്ടതാണ്. Application for the post of Technical Assistant (SoCS) എന്ന് സബ്ജക്ട് ഹെഡ് ചേർത്തായിരിക്കണം ഇ-മെയിൽ അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷക്കൊപ്പം പ്രായം (എസ്.എസ്.എൽ.സി), വിദ്യാഭ്യാസ യോഗ്യത (പി.ജി. കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് & ഡിഗ്രി സർട്ടിഫിക്കറ്റുകൾ), പ്രവർത്തി പരിചയം, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്/ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, അധികയോഗ്യത എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ കൂടി സമർപ്പിക്കണം. മേൽപറഞ്ഞ തീയതിക്ക് ശേഷം ലഭിക്കുന്നതും, അപാകതകൾ ഉള്ളതുമായ അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്. ടി തസ്തികയിലേക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗാർത്ഥി സർവ്വകലാശാലയുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്

**ഡോ.ജയചന്ദ്രൻ കെ**
രജിസ്ട്രാർ (i/c)

പകർപ്പ്:

1. പബ്ലിക് റിലേഷൻസ് ഓഫീസർ
2. നോട്ടീസ് ബോർഡ്
3. യൂണിവേഴ്സിറ്റി വെബ് സൈറ്റ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം